(സി) സാമ്പത്തിക സഹായം നൽകിയ സ്ഥാപനം 2015 ഡിസംബർ 31 വരെയുള്ള വർക്കുകളുടെ എഗ്രിമെന്റുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മൂലത്തറ റെഗുലേറ്ററിൽ ഡി.ആർ.ഐ.പി.-യിൽ ഉൾപ്പെടുത്തി പ്രവൃത്തിക്ക് അനുമതി ലഭിച്ചിട്ടും ഇതുവരേയും ടെണ്ടർ നടപടികൾ തുടങ്ങാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ മലമ്പുഴ, വാളയാർ, ചുള്ളിയാർ, മീൻകര, പോത്തുണ്ടി എന്നിവിടങ്ങളിലെ അണക്കെട്ടുകളിലെയും മൂലത്തറ റഗുലേറ്ററിലേയും ഉൾപ്പെടെ ആറ് പ്രവൃത്തികൾ ലോകബാങ്ക് സഹായത്തോടെ ജലസേചന വകുപ്പ് ആരംഭിച്ചിരിക്കുന്ന ഡ്രിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചിട്ടുണ്ട്. കാഞ്ഞിരപ്പുഴ അണക്കെട്ടിലെ പ്രവൃത്തിക്കുള്ള അനുമതി സംബന്ധിച്ച നിർദ്ദേശം ലോകബാങ്കിന്റെ പരിഗണനയിലാണ്.

(ബി) സാമ്പത്തിക സഹായം നൽകിയ സ്ഥാപനം നിർദ്ദേശിച്ചിരുന്ന വ്യവസ്ഥകളും നിർദ്ദേശങ്ങളും പരിശോധിച്ച ശേഷമാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. പോത്തുണ്ടി, ചുള്ളിയാർ എന്നിവിടങ്ങളിലെ അണക്കെട്ടുകളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ സംബന്ധിച്ച് ശ്രീ. വൈ. ശ്രീബാച്ചൻ എന്ന കരാറുകാരൻ രണ്ട് കേസ്സുകൾ കോടതിയിൽ ഫയൽ ചെയ്യുകയും പ്രസ്തുത രണ്ട് കേസ്സുകളും കോടതി തള്ളിക്കളയുകയും ചെയ്തു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) മൂലത്തറ റെഗുലേറ്ററിലെ; ഡ്രിപ്പിൽ ഉൾപ്പെട്ട പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് മുന്നോടിയായി ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധന ആവശ്യമാണ്. അനുമതിക്കുള്ള നിർദ്ദേശം ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിച്ചുവരുന്നു. നിർദ്ദേശത്തിൻമേൽ CTE-യുടെ അഭിപ്രായം ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ നിയമാനുസരണം സ്വീകരിക്കാൻ കഴിയുന്നതാണ്.

ഒരു കുളം പദ്ധതി

161(2630) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം ആലത്തൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം കുളങ്ങളാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെങ്കിലും കുളത്തിന്റെ നവീകരണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) കുളങ്ങളുടെ നവീകരണം അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) പഞ്ചായത്തിൽ ഒരു കളം പദ്ധതി പ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിൽ നവീകരണ പ്രവൃത്തികൾ ഒന്നുംതന്നെയില്ല. എന്നാൽ ആലത്തൂർ നിയോജകമണ്ഡലത്തിലെ കിഴക്കഞ്ചേരി പഞ്ചായത്തിലെ കാട്ടുകളങ്ങര ക്ഷേത്രക്കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി RRR Scheme-ൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റി

162(2631) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ ഏതെങ്കിലും ശുദ്ധീകരണ ശാലകളിൽ അൾട്രാസൈറ്റ് ഫിൽട്ടർ ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ എവിടെ ; പ്രസ്തുത ഫിൽട്ടറിന്റെ നിർമ്മാണത്തിന് എത്ര രൂക ചെലവാക്കിയെന്നും തുടർ പരിപാലന ചെലവ് എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ജലശുദ്ധീകരണത്തിന് മണൽ, അൾട്രാസൈറ്റ് എന്നിവയുടെ കാര്യക്ഷമതയെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ദക്ഷിണ മേഖലയുടെ പരിധിയിൽ അട്ടർ ചിരാണിക്കൽ 12.38 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയിൽ അൾട്രാസൈറ്റ് ഫിൽട്ടർ ഉപയോഗിക്കുന്നുണ്ട്. പ്രസ്തുത ഫിൽട്ടറിന്റെ നിർമ്മാണത്തിന് 43.09 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. തുടർ പരിപാലനത്തിന് സാധാരണ ട്രീറ്റ്മെന്റ് പ്ലാന്റുകളിലുള്ളതിന് സമാനമായ ചെലവുകൾ മാത്രമേ വരുന്നുള്ളൂ. 2009 മുതൽ ഇതുവരെ ഫിൽട്ടർ മീഡിയ മാറ്റേണ്ടിവന്നിട്ടില്ലാത്തതിനാൽ പ്രവർത്തിപ്പിക്കാനുള്ള ചെലവുകൾ മാത്രമേ വന്നിട്ടുള്ളൂ.

(ബി) ജല അതോറിറ്റി നിയോഗിച്ച ഒരു കമ്മിറ്റി പഠനം നടത്തിയിട്ടുണ്ട്. ജല അതോറിറ്റിയുടെ 15-9-2009-ലെ 326-ാമത് യോഗതീരുമാന പ്രകാരം കൽക്കട്ടയിലെ AIIH & PH-ലെ മുൻഡയറക്ടർ പ്രൊഫ. മജുംദാറിന്റെ നേതൃത്വത്തിൽ ഒരു സാങ്കേതിക കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. വിശദമായ ചെലവ് - നേട്ടം (കോസ്റ്റ് ബെനിഫിറ്റ്) തയ്യാറാക്കി വിശകലനം ചെയ്യുകയും, അൾട്രാസൈറ്റിന്റെ ലഭ്യതയും ഉറപ്പാക്കിയിട്ട് മാത്രമേ നിലവിലുള്ള പദ്ധതികളിൽ ഇത് സ്ഥാപിക്കാൻ കഴിയുകയുള്ളൂ. കൂടാതെ കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം രണ്ട് പുതിയ പ്രോജക്ടുകളിൽ (മാള ജലനിധി പദ്ധതി, കാസർഗോഡ് ഗവൺമെന്റ് ആശുപത്രി എന്നിവിടങ്ങളിൽ) അൾട്രാസൈറ്റ് ഫിൽട്ടർ ഉപയോഗിക്കാൻ കേരള ജല അതോറിറ്റിയുടെ 25-7-2013-ലെ 363-ാമത് യോഗതീരുമാന പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly